# Kerala Hotel & Restaurant Association

**STATE COMMITTEE**

II Floor, K.H.R.A. Bhavan, M.G. Road, Kochi - 682 035

Phone : 0484 2366602


SERVICE TO SATISFY

സംസ്ഥാനതലവാർത്ത

17-3-2023

## പ്രസ്സ് റിലീസ്

### ഹോട്ടൽ മേഖലയുടെ ആവശ്യങ്ങൾ നേടിയെടുക്കുവാൻ കേരള, തമിഴ്നാട് സംയുക്ത സമിതി – കെ.എച്ച്.ആർ.എ

ഹോട്ടൽ മേഖല നേരിടുന്ന ജി.എസ്.ടി. പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുവാനും, ഹോട്ടൽ മേഖലയെ എം.എസ്.എം.ഇയിൽ ഉൾപ്പെടുത്തി ആനുകൂല്യങ്ങൾ നടിയെടുക്കുവാനും സംയുക്ത സമിതി രൂപീകരിക്കുവാൻ കേരള ഹോട്ടൽ & റസ്റ്റോറന്റ് അസോസിയേഷനും, തമിഴ്നാട് ഹോട്ടൽ അസോസിയേഷനും തീരുമാനിച്ചു. കൊടൈക്കനാലിൽ ചേർന്ന തമിഴ്നാട് ഹോട്ടൽ അസോസിയേഷന്റെ സംസ്ഥാന കൺവെൻഷനിൽ കേരള ഹോട്ടൽ & റസ്റ്റോറന്റ് അസോസിയേഷൻ പ്രസിഡന്റ് ജി. ജയപാൽ മുഖ്യാതിഥിയായിരുന്നു. ജി.എസ്.ടി. കോമ്പോസിഷൻ നിരക്ക് മറ്റ് വ്യാപാരങ്ങൾക്കെന്നപോലെ ഹോട്ടൽ മേഖലക്കും ഒരു ശതമാനമാക്കണമെന്നാണ് അസോസിയേഷനുകളുടെ പ്രധാന ആവശ്യം. കൂടാതെ ഹോട്ടൽ മേഖലയെ എം.എസ്.എം.ഇയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും ആനുകൂല്യങ്ങൾ ലഭ്യമാക്കണമെന്നും അസോസിയേഷനുകൾ ആവശ്യപ്പെട്ടു. ഇക്കാര്യങ്ങൾ ഉന്നയിച്ച് സംയുക്തമായി ഡൽഹിയിൽ കേന്ദ്രസർക്കാരുമായി ചർച്ചകൾ നടത്തുവാനും സംയുക്തയോഗം തീരുമാനിച്ചു. മുഖ്യതിഥിയായി പങ്കെടുത്ത കെ.എച്ച്.ആർ.എ. പ്രസിഡന്റ് ജി. ജയപാലിനെ തമിഴ്നാട് ഹോട്ടൽ അസോസിയേഷൻ പ്രസിഡന്റ് വെങ്കിടസുബ്ബുവും സെക്രട്ടറി ശ്രീനിവാസനുംചേർന്ന് ആദരിച്ചു. കെ.എച്ച്.ആർ.എ. ട്രഷറർ എൻ. അബ്ദുൾ റസാഖ് സന്നിഹിതനായിരുന്നു.

**ജി. ജയപാൽ**
പ്രസിഡന്റ്
9544844446

**കെ. പി. ബാലകൃഷ്ണ പൊതുവാൾ**
ജനറൽ സെക്രട്ടറി
9447704934